**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 72** **12-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം വർദ്ധിക്കാതിരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികൾ മനുഷ്യർക്ക് നേരെ നടത്തുന്ന ആക്രമണവും കൃഷിനാശവും വർദ്ധിക്കാതിരിക്കുന്നതിന് ഫലപ്രദമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുള്ള ജനവാസ മേഖലയ്ക്ക് ചുറ്റും സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആനക്കിടങ്ങുകൾ, ക്രാഷ്-ഗാർഡ് വേലികൾ, ആനപ്രതിരോധ മതിലുകൾ, ജൈവ വേലികൾ എന്നിവ നിർമ്മിച്ചു സംരക്ഷിച്ചു വരുന്നു. വനസംരക്ഷണ സമിതികളിലൂടെയും ജനജാഗ്രത സമിതികളിലൂടെയും കൃത്യമായ ബോധവത്ക്കരണം പൊതുജനങ്ങൾക്ക് നൽകുകയും മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലുള്ള മേഖലകളിൽ സംരക്ഷണത്തിനായി ദിവസവേതനാടിസ്ഥാനത്തിൽ കൂടുതൽ വാച്ചർമാരെ നിയോഗിക്കുകയും, നിരീക്ഷണം ശക്തമാക്കുകയും കാടിറങ്ങുന്ന വന്യമൃഗങ്ങളെ ഫലപ്രദവും ശാസ്ത്രീയവുമായ രീതിയിൽ തിരികെ വനത്തിലേക്ക് സുരക്ഷിതമായി മടക്കി അയയ്ക്കുകയും ചെയ്തു വരുന്നുണ്ട്. ജനകീയ പങ്കാളിത്തത്തോടെ എസ്.എം.എസ്. അലർട്ട് സംവിധാനം നടപ്പിലാക്കി വരുന്നു. ജനവാസമേഖലയിൽ മനുഷ്യജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് അതാത് പ്രദേശത്തെ തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം അധികാരം നൽകിയിട്ടുള്ളതാണ്. കൂടാതെ വനത്തിനുള്ളിൽ അനുയോജ്യ സ്ഥാനങ്ങളിൽ കുളങ്ങൾ, ബ്രഷ് വുഡ് ചെക്ക് ഡാമുകൾ എന്നിവ നിർമ്മിച്ചും പരിപാലിച്ചും ജലസ്രോതസ്സുകൾ പുഷ്ടിപ്പെടുത്തിയും വന്യമൃഗങ്ങൾക്ക് ജല ലഭ്യത ഉറപ്പ് വരുത്തിയും, അക്കേഷ്യ, യൂക്കാലിപ്റ്റസ് മുതലായ വിദേശയിനം |

| | | | |
|---|---|---|---|
| | | | വൃക്ഷത്തോട്ടങ്ങൾ നിർത്തലാക്കി ഫലവൃക്ഷങ്ങളുൾപ്പെടെയുള്ള തദ്ദേശീയ സസ്യവർഗ്ഗങ്ങൾ നട്ടുപിടിപ്പിച്ച് പാരിസ്ഥിതിക പുനഃസ്ഥാപനം നടത്തി വന്യമൃഗങ്ങൾക്ക് ഭക്ഷ്യ ലഭ്യത ഉറപ്പ് വരുത്തിയും അവ ജനവാസ മേഖലയിൽ ഇറങ്ങുന്നത് കുറയ്ക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഇരുപത്തിയെട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിൽ ഉള്ളത്. ആയവ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ, കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട്, പാലോട്, തെന്മല, എരുമേലി റെയിഞ്ചിലെ വണ്ടൻപതാൽ, മാങ്കുളം റെയിഞ്ചിലെ കടലാർ, കോതമംഗലം, പാലപ്പിള്ളി, കൊല്ലങ്കോട്, കാളികാവ് റെയിഞ്ചിലെ കരുവാരക്കുണ്ട്, മാനന്തവാടി, കോന്നി-എലിയറയ്ക്കൽ, ആലപ്പുഴ സിറ്റി, മറയൂർ, പട്ടിക്കാട് എന്നിവിടങ്ങളിലും പ്രവർത്തിച്ചു വരുന്നു.<br><br>മനുഷ്യ-വന്യമൃഗ സംഘർഷം “സംസ്ഥാന സവിശേഷ ദുരന്ത”മായി പ്രഖ്യാപിച്ചു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച GO(Ms) 04/24/DMD dated 07-03-2024 നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ എല്ലാ ഡിവിഷനുകളിലും Division Emergency Operation **Centre (DEOC) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള അടിയന്തര സാഹചര്യം ലഘൂകരിക്കുന്നതിനും പ്രശ്ന പരിഹാരത്തിനും ചീഫ് വൈൽഡ്‌ലൈഫ് വാർഡനെ മനുഷ്യ-വന്യമൃഗ സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ ഓഫീസറായി നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പാസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സർക്കിൾ തലത്തിലും ഡിവിഷൻ തലത്തിലും കൺട്രോൾ റൂമുകൾ പ്രവർത്തിച്ചു വരുന്നു.** |
| (ബി) | വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടെയുള്ള സ്വാഭാവിക വനങ്ങൾ സംരക്ഷിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടെയുള്ള സ്വാഭാവിക വനങ്ങൾ സംരക്ഷിക്കുന്നതിനായി അധിനിവേശ സസ്യങ്ങൾ നിർമ്മാർജ്ജനം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം ചെയ്യുന്നതോടൊപ്പം |

| | | | |
|---|---|---|---|
| | | | നിലവിലുള്ള ചെറുതടയണകളും ബ്രഷ് വുഡ് തടയണകളും ചെറുകുളങ്ങളും നീർച്ചാലുകളും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിച്ചുവരുന്നുണ്ട്. സൂക്ഷ്മനീർച്ചാലുകൾ, മണ്ണ്-ജല സംരക്ഷണത്തിനായി യോജ്യമായ ഇടങ്ങളിൽ ഗള്ളി പ്ലഗിംങ് എന്നിവയും ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നടത്തിവരുന്നു.<br><br>വനസംരക്ഷണത്തിനും പരിപാലനത്തിനുമായി ദിവസേനയുള്ള ഫീൽഡ് പരിശോധനകളും പ്രത്യേക ഇന്റീരിയർ ക്യാമ്പിംഗ് പരിശോധനകളും വാഹന പട്രോളിംഗും വനം കയ്യേറ്റം ചെറുക്കുന്നതിന് അതിർത്തി മേഖലകളിൽ പ്രത്യേക സംരക്ഷണ പ്രവർത്തനങ്ങളും നടത്തിവരുന്നു. വനങ്ങളിലെ അനധികൃത കടന്നു കയറ്റവും കൈയ്യേറ്റവും തടയാൻ വനാതിർത്തികൾ ജണ്ട കെട്ടി സംരക്ഷിച്ചുവരുന്നു.<br><br>കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖ 17-12-2021 ലെ സ.ഉ.(കൈ) നം. 29/2021/വനം ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ ഏകവിള തോട്ടങ്ങളും പരാജിത തേക്കു തോട്ടങ്ങളും ഉൾപ്പെടെ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനമായി പുനഃസ്ഥാപനം നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സർക്കിളുകളിലായി ടി പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.<br><br>വേനൽക്കാലത്തുണ്ടാകുന്ന കാട്ടുതീയിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നതിന്, കാട്ടുതീ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ഹൈ, മീഡിയം, ലോ പ്രോൺ ഏരിയ എന്നിങ്ങനെ ഫയർബ്ലോക്കുകളായി തിരിച്ച് ഫയർലൈൻ എടുത്തും കൺട്രോൾ ബേണിംഗ് നടത്തിയും വരുന്നു. |
| (സി) | വന്യമൃഗ ആവാസ കേന്ദ്രങ്ങളായ സാങ്ച്വറികളും പാർക്കുകളും സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾ ജനവാസ മേഖലയിലേയ്ക്ക് ഇറങ്ങാതിരിക്കുന്നതിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | വന്യമൃഗ ആവാസകേന്ദ്രങ്ങളായ സാങ്ച്വറികളും പാർക്കുകളും സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾ ജനവാസ മേഖലയിലേയ്ക്ക് ഇറങ്ങാതിരിക്കുന്നതിനും ഡിവിഷൻ തലത്തിൽ വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുള്ള ജനവാസ മേഖലയ്ക്ക് ചുറ്റും സൗരോർജ്ജ വേലി, ട്രഞ്ച്, ജൈവ വേലികൾ എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നു. വനസംരക്ഷണ സമിതികളിലൂടെയും |

| | | | |
|---|---|---|---|
| | | | ഇക്കോ-ഡവലപ്മെന്റ് കമ്മിറ്റികളിലൂടെയും ജനജാഗ്രത സമിതികളിലൂടെയും കൃത്യമായ ബോധവത്ക്കരണം പൊതുജനങ്ങൾക്ക് നൽകുകയും മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലുള്ള മേഖലകളിൽ വാച്ചർമാരെ നിയോഗിക്കുകയും, നിരീക്ഷണം ശക്തമാക്കുകയും കാടിറങ്ങുന്ന വന്യമൃഗങ്ങളെ ഫലപ്രദവും ശാസ്ത്രീയവുമായ രീതിയിൽ തിരികെ വനത്തിലേക്ക് സുരക്ഷിതമായി മടക്കി അയയ്ക്കുകയും ചെയ്തു വരുന്നുണ്ട്.<br><br>അധിനിവേശ സസ്യങ്ങൾ നിർമ്മാർജ്ജനം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം ചെയ്യുന്നതോടൊപ്പം നിലവിലുള്ള ചെറുതടയണകളും ബ്രഷ്വുഡ് തടയണകളും ചെറുകുളങ്ങളും നീർച്ചാലുകളും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിച്ചുവരുന്നുണ്ട്. സൂക്ഷ്മനീർച്ചാലുകൾ, മണ്ണ്-ജല സംരക്ഷണത്തിനായി യോജ്യമായ ഇടങ്ങളിൽ ഗള്ളി പ്ലഗിംങ് എന്നിവയും നടത്തിവരുന്നു. ഇവ വനത്തിനുള്ളിൽ വന്യജീവികൾക്ക് ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നു. |

സെക്ഷൻ ഓഫീസർ